II ഇ.ബി. XIII- കേരള നിയമസഭ/XVI-7

# പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 ഫെബ്രുവരി 24, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ അഴിമതിയാരോപണ വിധേയരായ മന്ത്രിമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം അവരവരുടെ ഇരിപ്പിടങ്ങളിൽ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിക്കുകയും അൽപസമയത്തിനുശേഷം നിശബ്ദരാവുകയും ചെയ്തു.)

17 (*301) പരിസ്ഥിതി സംരക്ഷണാവബോധം വളർത്തൽ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, ഭാവിതലമുറയിൽ പ്രകൃതി സംരക്ഷണാവബോധം വളർത്തി ഉത്തരവാദപ്പെട്ട പ്രകൃതി പരിപാലകരാകാൻ പ്രാപ്തരാക്കുകയെന്ന

ലക്ഷ്യത്തോടെ ഹരിത കേരളം; എന്റെ മരം; നമ്മുടെ മരം; വഴിയോരത്തണൽ; ഹരിതശ്രീ; ബഡ്ഡിംഗ് ബേഡ്സ്; കുട്ടിവനം; ഹെർബൽ ഗാർഡൻ; നക്ഷത്രവനം; പ്രകൃതി പരിപാലകൻ; പഠന ക്യാമ്പുകൾ; ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ പ്രദർശന സ്റ്റാളുകൾ; ഗ്രീൻ പാസ്പോർട്ട്; ഇക്കോ കേഡറ്റ് കോർപ്പ്സ് എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതായി സഭയെ അറിയിച്ചു. വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കായി വനം, വന്യജീവി സംരക്ഷണം, പരിസ്ഥിതി കാത്തുസൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് മത്സരങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം സ്കൂൾ തലത്തിൽ 1000 ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും 14 ജില്ലകളിലും ഡിസ്ട്രിക്ട് ഫോറസ്ട്രി എക്സ്റ്റൻഷൻ & ഇൻഫർമേഷൻ സെന്റർ (ഡി.എഫ്.ഇ.ഐ.സി) ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടി പുരോഗമിച്ചുവരികയാണ്. ഓരോ പഞ്ചായത്തിലും ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് 'പ്രകൃതി മിത്ര' അവാർഡ് നൽകിവരികയും ജൈവവൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വ്യക്തികളെ/സംഘടനകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി 'സിറ്റിസൺ കൺസർവേറ്റർ

പ്രോഗ്രാം' നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ടുള്ള കേരളത്തിന്റെ ആവശ്യങ്ങളിന്മേൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുകൂല തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തടാകങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി റിവർ അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കാസർഗോഡ്-കാഞ്ഞങ്ങാട് കെ.എസ്.റ്റി.പി. പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അനധികൃതമായി മരങ്ങൾ മുറിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്ന് മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തെ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് യു.ജി.സി.യുടെ സഹായത്തോടെ പഠനം നടത്തിവരികയാണ്. കണ്ടൽക്കാടുകൾ ഏറ്റെടുത്ത് റിസർവ്ഡ് വനമേഖലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. വനാതിർത്തികളിൽ ജണ്ട സ്ഥാപിക്കുന്ന നടപടി എത്രയുംവേഗം പൂർത്തീകരിക്കുന്നതാണ്. ജനങ്ങളുടെ ജീവന് ഹാനികരമായി സ്ഥിതിചെയ്യുന്ന മരങ്ങൾ വെട്ടിമാറ്റുന്നതിനും വഴിവക്കിലുള്ള മരങ്ങൾ വീണ് ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

## അടിയന്തിര ചോദ്യം

### വിദേശ ജോലിക്ക് പത്താം ക്ലാസ് പാസ്സായിരിക്കണമെന്ന പുതിയ നിബന്ധന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, വിദേശ രാജ്യങ്ങളിൽ വീട്ടുജോലിക്കായി മാത്രം സ്ത്രീതൊഴിലാളികളെ നിയോഗിക്കാൻ ഉദ്ദേശിക്കുന്ന തൊഴിലുടമ അതാത് ഇന്ത്യൻ എംബസി നിഷ്ക്കർഷിക്കുന്ന ബാങ്ക് ഗ്യാരന്റി നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ടെന്നും കേന്ദ്ര സർക്കാരിന്റെ എമിഗ്രേഷൻ ആക്ടിലെ വ്യവസ്ഥ പ്രകാരം പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്ക് വിദേശ തൊഴിൽ തേടുന്നതിന് ഇ.സി.ആർ. രാജ്യങ്ങളിൽ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമാണെന്ന നിബന്ധനയുണ്ടെന്നും സഭയെ അറിയിച്ചു. വിദേശത്ത് ജോലി തേടിപ്പോകുന്ന തൊഴിലന്വേഷകർക്കെതിരായ ചൂഷണം തടയുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത നിബന്ധന ഏർപ്പെടുത്തിയിട്ടുള്ളതെന്ന് ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 3088 മുതൽ 3366 വരെയുള്ള ചോദ്യങ്ങളിൽ 73 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *